## പോര്ച്ചുഗല് പ്രധാന മന്ത്രിയുടെ ഇന്ത്യാ ഔദ്യോഗിക സന്ദര്ശനം (ജനുവരി 06-12, 2017)

ഡിസംബര് 20, 2016

പോര്ച്ചുഗല് പ്രധാനമന്ത്രി ശ്രീ ആന്റോണിയോ കോസ്റ്റ ഔദ്യോഗിക സന്ദര്ശനത്തിന് (ജനുവരി 06-12, 2017) ഇന്ത്യയിലെത്തുന്നു . പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണം സ്വീകരിച്ചാണ് സന്ദര്ശനം . ഇരു നേതാക്കളും ജനുവര് ഏഴിന് ന്യൂഡല്ഹിയില് ഔദ്യോഗിക ചര്ച്ചകള് നടത്തും. സന്ദര്ശനത്തോട് അനുബന്ധിച്ച് പ്രധാനമന്ത്രി കോസ്റ്റ രാഷ്ട്രപതിയുമായും ഉപ രാഷ്ട്രപതിയുമായും കൂടിക്കാഴ്ചകള് നടത്തുമെന്ന് പ്രതീക്ഷിക്കുന്നു . നിരവധി ധാരണാപത്രങ്ങള് സന്ദര്ശനത്തോട് അനുബന്ധിച്ച് ഒപ്പ് വയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു , ഇന്ത്യാ-പോര്ച്ചുഗല് ബന്ധങ്ങള് മുന്നോട്ട് കൊണ്ടുപോകുന്നതിലെ അജണ്ടയെ അത് തീരുമാനിക്കും , നിരവധി മന്ത്രിമാര് പ്രധാനമന്ത്രി കോസ്റ്റയെ അനുഗമിക്കുമെന്ന് കരുതുന്നു

പ്രധാനമന്ത്രി കോസ്റ്റ , ബംഗലൂരുവില് ജനുവരി 08-09, 2017 ല് നടക്കുന്ന പ്രവാസി ഭാരതീയ ദിവസില് മുഖ്യാതിഥിയായി പങ്കെടുക്കും . അതിനു പുറമേ കുറച്ചു ബിസിനസ് ചടങ്ങുകളിലും അദ്ദേഹം പങ്കെടുക്കും . ജനുവരി 10,2017 ല് ഗാന്ധിനഗറില് നടക്കുന്ന വൈബ്രന്റ് ഗുജറാത്ത് ഗ്ലോബല് ഉച്ചകോടി 2017 ലും പ്രധാനമന്ത്രി കോസ്റ്റ പങ്കെടുക്കും

പ്രധാനമന്ത്രി കോസ്റ്റ , തന്റെ ഇന്ത്യാ സന്ദര്ശനത്തിലെ അവസാന പാദത്തില് ജനുവരി 11-12, 2017 തീയതികള് ഗോവയില് ചെലവിടും. അവിടെ അദ്ദേഹം ഗവര്ണര്, മുഖ്യമന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തും. പ്രധാനമന്ത്രി കോസ്റ്റയുടെ വേരുകള് ഗോവയിലാണ് , അദ്ദേഹം തന്റെ പൂര്വികരുടെ സ്ഥലത്തും കുറച്ചു സമയം ചെലവിടും

ന്യൂഡെല്ഹി
ഡിസംബര് 20, 2016